# കേരള സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസനയം
# കരട് രേഖ

# I പരിഷ്ക്കരണത്രയം

(1) കേരളം വിദ്യാഭ്യാസപരമായി ഇന്നു മികവിന്റെ പടിവാതിലിൽ എത്തി നിൽക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യം നേടാനും ആ നേട്ടം നിലനിർത്താനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിനെ ഗുണപരമായി മെച്ചപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ അടിത്തറ ശക്തമാക്കേണ്ടതുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ മേന്മ ഏറെയും അധ്യാപകരുടെ മികവിനെ ആശ്രയിച്ചിരിക്കുന്നു എന്ന കാര്യം അംഗീകരിക്കേണ്ടതുണ്ട്. നിലവാരമുള്ള ഉന്നത വിദ്യാഭ്യാസമാണ് മികവുറ്റ സ്കൂൾ അധ്യാപകരെ സൃഷ്ടിക്കുന്നത്. എണ്ണവും വണ്ണവും ഒന്നിനൊന്നു പകരം വെയ്ക്കാവുന്നതാണെന്ന പതിവുധാരണയെ മറികടക്കുക എന്നതത്രേ ഇന്നു നാം നേരിടുന്ന വെല്ലുവിളി. മത്സരാധിഷ്ഠിതമായ ഉദാരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ, അറിവിന്റെ അന്യവത്ക്കരണം ശക്തിപ്പെടുന്ന ഇന്നത്തെ അവസ്ഥയിൽ ഈ വെല്ലുവിളി അത്യന്തം ശക്തമാണിന്ന്. തുല്യനീതി ഗുണനിലവാരത്തിന് വിപരീതമോ അനുബന്ധമോ അല്ല. അത് ഗുണനിലവാരത്തിന് ഏറ്റവും അവശ്യമായ അവസ്ഥയും ഘടകവുമാണെന്നബോധം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. നിഷേധാത്മകമായ വരേണ്യവർഗ്ഗവാദം ഗുണനിലവാരവർദ്ധനവിന് ഉപകരിക്കില്ല. വരേണ്യവിദ്യാഭ്യാസ സമ്പ്രദായം ജനതയിൽ ഒരു വലിയ വിഭാഗത്തിന്റെ കഴിവുകൾ ഉപയോഗിക്കുന്നതേയില്ല. മാത്രവുമല്ല, അനിയന്ത്രിതമായ പരിരക്ഷ നൽകികൊണ്ട് വരേണ്യവർഗത്തെ അത് അലസന്മാരാക്കുകയും ചെയ്യുന്നു. അതുകൊണ്ട് മികവിലേയ്ക്കുള്ള പ്രയാണം തുല്യനീതിയിലൂന്നിക്കൊണ്ടായിരിക്കണം. വിപുലമായ ഒരടിത്തറ അതിനാവശ്യമുണ്ട്. എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന പ്രകൃതമുള്ളതാവണം ആ അടിത്തറ. ആ അസ്തിവാരത്തിന്മേൽ നിന്നാണ് മികവിന്റെ ശിഖരങ്ങൾ ഉയരേണ്ടത്. മത്സരത്തിലൂടെയല്ലാതെ, കൂട്ടായ പ്രയത്നം വഴി മികവുണ്ടാക്കാനാകും. ഇതിന് സഹകരണമനോഭാവം ആവശ്യമാണ്. സംസ്ഥാനത്തിന്റെ താരതമ്യേന ദുർബലമായ അടിസ്ഥാനസൗകര്യങ്ങളും പരിമിതമായ അടിത്തറയും ഒരു പരിധിവരെ മറികടക്കുവാനും ഇതു സഹായിക്കും. അതുകൊണ്ട്, സഹകരണത്തിൽ അധിഷ്ഠിതവും അവസരസമത്വം ഉറപ്പാക്കുന്നതുമായ പൊതുവിദ്യാഭ്യാസ സമ്പ്രദായമാണ് (Common School System) ഉന്നതവിദ്യാഭ്യാസരംഗത്തെ മികവിന്റെ അടിസ്ഥാനം.

(2) "ഗുണമേന്മയുള്ള വിദ്യാഭ്യാസം ഏവർക്കും" എന്ന ലക്ഷ്യം, സ്കൂൾ തലത്തിൽ എന്നപോലെ ഉന്നതതലവിദ്യാഭ്യാസത്തിലും പ്രസക്തമാണ്. സാമൂഹ്യനീതിയിലധിഷ്ഠിതമായ സംസ്ഥാനത്തിന്റെ പുരോഗതി സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസത്തിന്റെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരിമിതമായ ഭൂമി, പ്രകൃതിവിഭവങ്ങളുടെ കുറവ്, ഉയർന്ന ജനസാന്ദ്രത എന്നിവ സംസ്ഥാനത്തിന്റെ ദൗർബല്യങ്ങളാണ്. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്ക് തടസ്സമാകാതെ നോക്കേണ്ടതുണ്ട്. വിജ്ഞാനവുമായി ബന്ധപ്പെട്ട വ്യവസായങ്ങളിലും സേവനങ്ങളിലും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കേരളത്തിന്റെ നാണ്യവിളകൾ, കുടിൽവ്യവസായങ്ങൾ, വിനോദസഞ്ചാരം, ഐ. ടി. അനുബന്ധ വ്യവസായങ്ങൾ, സേവനത്തുറ എന്നിവ ലാഭകരവും, സുസ്ഥിരവുമായി പ്രവർത്തിപ്പിക്കാൻ ആഗോളവിപണിയുടെ സാധ്യത വേണ്ടവിധത്തിൽ ഉപയോഗിക്കേണ്ടതാണ്. ഇപ്പോൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്ന മനുഷ്യമൂലധനത്തിന്റെ കയറ്റുമതി നിലനിർത്തുവാൻ നമ്മുടെ മനുഷ്യവിഭവശേഷി മെച്ചപ്പെടുത്തേണ്ടതുണ്ട്. അതേസമയംതന്നെ, ആഗോളസമൂഹവുമായുള്ള ബന്ധം നമ്മെ കമ്പോളശക്തികൾക്ക് അടിമപ്പെടുത്തില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. ഇതിനുസഹായകമായ വിധത്തിൽ ബൗദ്ധിക അടിത്തറയും മെച്ചപ്പെടുത്തണം. അതുകൊണ്ട്, ഒരേ സമയം രണ്ടു കാര്യങ്ങളിലാണ് നാം ശ്രദ്ധിക്കേണ്ടത്. (1). പ്രാദേശിക/ആഗോള തൊഴിലവസരങ്ങൾക്ക് ഉതകുന്ന രീതിയിൽ ഉന്നതവിദ്യാഭ്യാസ വികസനം സാധ്യമാകണം. (2). സുസ്ഥിരവികാസത്തിന് പര്യാപ്തമായ ബൗദ്ധിക മൂലധനം ഉല്പാദിപ്പിക്കണം. പഠിതാവിനെ ഒരേ സമയം വിജ്ഞാനത്തൊഴിലാളിയും ബുദ്ധിജീവിയും ആക്കുന്ന ഉന്നതവിദ്യാഭ്യാസ സമ്പ്രദായമാണ് കേരളം വിഭാവനം ചെയ്യേണ്ടത്.

(3) പ്രാപ്യതയും, ഗുണനിലവാരവും, തുല്യനീതിയും അടങ്ങുന്ന ഒരു പരിഷ്ക്കരണത്രയമാണ് ഉന്നത വിദ്യാഭ്യാസരംഗത്ത് നടപ്പാക്കേണ്ടത്. SC/ST/OBC/ ന്യൂനപക്ഷങ്ങൾ/ശാരീരിക വൈകല്യമുള്ളവർ/ സ്ത്രീകൾ/ ദരിദ്രർ എന്നിവർക്ക് മറ്റുള്ളവരോടൊപ്പം ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകണം. സൗകര്യങ്ങളുടെ തുല്യമായ വികാസത്തിനും പങ്കിടലിനുമുള്ള ഒരു സമഗ്രപദ്ധതി തയ്യാറാക്കേണ്ടതുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് അനുകൂലവിവേചനത്തിലൂടെ (positive discrimination) പ്രവേശനവും, സ്കോളർഷിപ്പ് പദ്ധതികളിലൂടെ സാമ്പത്തികപിൻതുണയുമുണ്ടാകണം. ഇവയിലൂടെ പ്രാപ്യത ഉറപ്പുവരുത്തുവാനുള്ള ഉചിതമായ ഒരു സംവിധാനം മുൻഗണനാടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടേണ്ടതാണ്. പൊതുനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുള്ള സംരംഭങ്ങളെ ശാക്തീകരിക്കുകയെന്നതും സ്വകാര്യസംരംഭങ്ങളിൽ സാമൂഹികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയെന്നതും ദീർഘകാല ലക്ഷ്യങ്ങളായിരിക്കണം.

## II പഠനത്തിന്റെ നാല് നെടുംതൂണുകൾ

(1) യുനസ്ക്കോ നിർവചനപ്രകാരമുള്ള വിദ്യാഭ്യാസത്തിന്റെ നാല് നെടുംതൂണുകൾ - അറിയാൻ പഠിക്കുക, പ്രവർത്തിക്കാൻ പഠിക്കുക, സഹവർത്തിത്വത്തോടെ ജീവിക്കാൻ പഠിക്കുക, സ്വയംകണ്ടെത്താൻ പഠിക്കുക - സ്കൂൾവിദ്യാഭ്യാസത്തിലെന്നപോലെ ഉന്നതവിദ്യാഭ്യാസത്തിലും വളരെ പ്രസക്തമാണ്. ഔപചാരികവിദ്യാഭ്യാസത്തിന് നീക്കിവെച്ചിട്ടുള്ള കുറഞ്ഞസമയപരിധിക്കുള്ളിൽതന്നെ ആവശ്യമായ എല്ലാ അറിവുകളും നേടുകയെന്നുള്ളത് അസാധ്യമാക്കുന്നവിധത്തിൽ വിജ്ഞാനസ്ഫോടനം നടന്നുകൊണ്ടിരിക്കുന്നു. ഇന്ന് മിക്ക അറിവുകളും മൗസിന്റെ ബട്ടൺ അമർത്തുമ്പോൾ ലഭ്യമാകുന്നതുകൊണ്ട് അറിവ് പഠിതാവിൽ കുത്തിനിറയ്ക്കേണ്ട ആവശ്യമില്ല. അറിവു നേടുവാനും അതു വിജ്ഞാനമായി സംസ്ക്കരിക്കുവാനും,

ഈ പ്രക്രിയയിൽ നിന്നുണ്ടാകുന്ന ജ്ഞാനം ഊറ്റിയെടുക്കുവാനുമുള്ള കഴിവാണ് ആവശ്യമായിരിക്കുന്നത്. ജീവിതകാലത്ത് ഒരു വ്യക്തി ചെയ്യേണ്ടിവരുന്ന തൊഴിലുകളുടെ സ്വഭാവവും നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്. അനുദിനം ചെറുതായിക്കൊണ്ടിരിക്കുന്ന ലോകത്തിൽ പലതരത്തിലുള്ള വ്യക്തികളോടൊത്ത് സഹവസിക്കാൻ പഠിക്കേണ്ടതും ആവശ്യമാണ്. സ്വാവബോധത്തി ലേയ്ക്കും സ്വയം മെച്ചപ്പെടുത്തുന്നതിലേയ്ക്കും നയിക്കുന്ന ആത്മാവലോകനം പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. ലോകവ്യാപകമായ ബന്ധങ്ങളുടെ വലക്കണ്ണികളിൽ സ്വയം നഷ്ടമായിപ്പോകാതെ സൂക്ഷിക്കുകയും വേണം. ഒറ്റയായും കൂട്ടായും ഫലപ്രദമായും ജീവിക്കുക, ജീവിതത്തിലുടനീളം പഠിക്കുക, പ്രയോഗതലത്തിൽ ഉപയോഗപ്പെടുന്ന ചില വൈദഗ്ധ്യങ്ങളും ശേഷികളും സ്വായത്തമാക്കുക എന്നിവയും ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കണം. ഒരു സമ്പൂർണ്ണ വ്യക്തിത്വസൃഷ്ടിക്ക് ആവശ്യമായ ഗുണങ്ങൾ, അതായത് വിമർശനാത്മകവും സർഗ്ഗാത്മകവും സംവേദനാത്മകവുമായ ശേഷി രൂപീകരിക്കുകയെന്നത്, ഏറെപ്രധാനമാണ്. മുകളിൽപറഞ്ഞ ലക്ഷ്യങ്ങളെല്ലാം സംയോജിപ്പിക്കുന്ന ഒന്നായിരിക്കും ഈ സംസ്ഥാനത്തിന് ഉചിതമായ ഉന്നതവിദ്യാഭ്യാസസമ്പ്രദായം.

(2) ഉന്നതവിദ്യാഭ്യാസത്തിന് ഉതകുന്ന പാഠ്യപദ്ധതി തയ്യാറാക്കുമ്പോൾ പഠിതാവിന്റെ മുകളിൽ സൂചിപ്പിച്ച നാല് ആവശ്യകതകൾ മനസ്സിലുണ്ടായിരിക്കേണ്ടതാണ്. സ്വയംതൊഴിലിലൂടെയോ (self employment) വേതനത്തൊഴിലിലൂടെയൊ (wage employment) ജീവനത്തിനാവശ്യമായ ധനസമ്പാദനത്തിന് പഠിതാവിനെ പ്രാപ്തനാക്കുന്നതിൽ ഉന്നതവിദ്യാഭ്യാസം പ്രധാന പങ്കു വഹിക്കണം. വിവിധജോലികൾ ചെയ്യാൻ പരിശീലനം ലഭിച്ചിട്ടുള്ള വ്യക്തികളുടെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരുവിധ തൊഴിൽപരിശീലനവുമില്ലാതെ തൊഴിൽ മേഖലയിലേയ്ക്ക് ഉടൻതന്നെ സ്വീകരിക്കാവുന്ന വ്യക്തികളെ വാർത്തെടുക്കുകയല്ല ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഇങ്ങനെയുള്ള വിദഗ്ധതൊഴിൽപരിശീലനം തൊഴിലുടമയുടെ താത്പര്യങ്ങൾക്ക് ഉതകുന്നതാണെങ്കിലും അതു പഠിതാവിന്റെ ദീർഘകാലാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നില്ല. ഭാവിയിലുണ്ടാകാവുന്ന ആവശ്യത്തിന്റെ രീതി നമുക്ക് മുൻകൂട്ടികാണുവാനോ നിയന്ത്രിക്കുവാനോ കഴിയില്ല. അതുകൊണ്ട് അടിസ്ഥാനപരമായ അറിവുകൾ, പ്രായോഗികതലത്തിലുള്ള നിപുണതകൾ എന്നിവ നേടുകയും നൂതനരീതികൾ സ്വീകരിക്കുവാനുള്ള കഴിവ് വളർത്തുകയുമാണ് പോംവഴി. വിവിധജോലികൾ ചെയ്യുവാൻ കഴിവുള്ള വിജ്ഞാനത്തൊഴിലാളികളെ മാത്രമല്ല, ഒരു സംസ്ക്കാരത്തിന്റെ മുന്നോട്ടുള്ള പ്രയാണം സുസാധ്യമാക്കുന്ന ചിന്തകർ, ദാർശനികർ, ശാസ്ത്രജ്ഞർ, കലാകാരന്മാർ, നയരൂപീകരണം നടത്തുന്നവർ, ഭരണാധികാരികൾ, രാഷ്ട്രീയക്കാർ, രാജ്യതന്ത്രജ്ഞർ തുടങ്ങിയവരും സമൂഹത്തിനാവശ്യമാണ്. ഇങ്ങനെയുള്ള വ്യക്തികളെ സൃഷ്ടിക്കുന്നതിൽ ഉന്നതവിദ്യാഭ്യാസത്തിന് ഒരു പ്രധാനപങ്കു വഹിക്കുവാനുണ്ട്. വിജ്ഞാനത്തിന്റേയും അനുഭവത്തിന്റെയും പുതിയ വഴികൾ തുറന്നിടുവാൻ കഴിവുള്ള വിവിധ വിജ്ഞാനശാഖകളിലെ വിദഗ്ദ്ധരെ നമുക്കാവശ്യമുണ്ട്. വിജ്ഞാനം സൃഷ്ടിക്കപ്പെ

ടുന്നത് വിവിധവിജ്ഞാനശാഖകളുടെ സംഗമസ്ഥാനത്താണ്. അതുകൊണ്ടു തന്നെ, ഉന്നതവിദ്യാഭ്യാസമേഖലയിൽ ബഹുവൈജ്ഞാനികവും അന്തർവൈജ്ഞാനികവുമായ ഒരു തലം ഉണ്ടാകേണ്ടതാണ്. ബിരുദതലത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും പൊതുവായി ലഭിക്കേണ്ട ചില അറിവുകളും നിപുണതകളുമുണ്ട്. ഓരോ വിദ്യാർത്ഥിയും പ്രത്യേകം ആർജ്ജിക്കേണ്ട അറിവുകളും നിപുണതകളും വേറെയും. ഇതിനെക്കുറിച്ചെല്ലാം കൃത്യമായ ധാരണ രൂപപ്പെടുത്തണം. ബിരുദാനന്തര, ഗവേഷണതലവിദ്യാഭ്യാസത്തിൽ അന്തർവൈജ്ഞാനികതയും പ്രത്യേകവൈദഗ്ദ്ധ്യം നേടാനുള്ള പഠനവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(3) പാഠ്യപദ്ധതിപരിഷ്ക്കരണം ആരംഭിക്കേണ്ടത് ബോധനവിദ്യയുടെ പരിഷ്ക്കരണത്തിൽനിന്നാണ്. നിലവിലുള്ള അറിവുകൾ നേടുന്നതിനും വിജ്ഞാനം ഉത്പാദിപ്പിക്കുന്നതിനും ഉള്ള അവസരങ്ങൾ വിദ്യാർത്ഥിക്ക് ലഭിക്കണം. അസൈൻമെന്റുകൾ, സെമിനാറുകൾ, പ്രശ്നപരിഹാരസെഷനുകൾ, പ്രോജക്റ്റുകൾ, ഫീൽഡുപഠനങ്ങൾ എന്നിവ ഏതൊരു ബോധനശാസ്ത്രപരിഷ്ക്കരണത്തിന്റേയും അവിഭാജ്യഘടകമാണ്. സംവാദാത്മകമായ ബോധനരീതിയിലൂടെ ചോദ്യം ചെയ്യുവാനും ചിന്തിക്കുവാനും, പുതിയ വിജ്ഞാനത്തെ ഉൽപ്പാദിപ്പിക്കുവാനും വിദ്യാർത്ഥികളെ പ്രേരിപ്പിക്കണം. നിലവിലുള്ള മൂല്യനിർണ്ണയരീതി പരിഷ്ക്കരിക്കേണ്ടതുണ്ട്. പടിപടിയായി സമ്പൂർണ്ണ ആന്തരികമൂല്യനിർണ്ണയം നടപ്പാക്കണം. ഇതിനുവേണ്ടി ഫലപ്രദവും ഉചിതവും തുറന്നതും സുതാര്യവും സുരക്ഷിതവുമായ ഒരു സംവിധാനം ഉണ്ടാവണം. പരാതിപരിഹാരത്തിനുള്ള സംവിധാനങ്ങളും ഉണ്ടാകണം. പാഠ്യഭാഗങ്ങൾ സൗകര്യപ്രദമായ ചെറിയ ഖണ്ഡങ്ങളായി വിഭജിച്ച് കൂടുതൽ ആഴത്തിലുള്ള പഠനത്തിന് അവസരം നൽകണം. അവരവരുടെ ഇഷ്ടത്തിനൊത്ത വിഷയങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യവും ഉണ്ടാകണം. ക്രെഡിറ്റ്/സെമസ്റ്റർ രീതിയാണ് ഇതിന് യോജിച്ചത്. വാർഷികരീതിയേക്കാൾ സെമസ്റ്റർസമ്പ്രദായം മെച്ചമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാപ്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ ആശയവിനിമയസാങ്കേതികവിദ്യയിലെ പുതിയ സാധ്യതകൾ ഉപയോഗിക്കണം. മുഖാമുഖരീതികളിലൂടെയുള്ള വിദ്യാഭ്യാസത്തിന്റെ ലഭ്യതയും ഗുണമേന്മയും മെച്ചപ്പെടുത്തുമ്പോൾ തന്നെ ഇലക്ട്രോണിക്ക് പഠന (e - learning) ത്തിന്റെ സാധ്യതകളും പൂർണ്ണമായി ഉപയോഗപ്പെടുത്താം. അതുപോലെ വിവരവിനിമയസാങ്കേതികവിദ്യ (Information Communication Technology) പാഠ്യപദ്ധതിയോടു സംയോജിപ്പിക്കുന്നതുവഴി പാരമ്പര്യമുഖാമുഖരീതി കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. ഇതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് കൂടുതൽ നിക്ഷേപം ആവശ്യമാണ്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുതിയ ബോധനശാസ്ത്രത്തിൽ തീവ്രവും വ്യാപകവുമായ പരിശീലനവും നൽകേണ്ടതാണ്.

(4) ഉന്നതവിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ പങ്ക് വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇംഗ്ലീഷിന് പരമ്പരാഗതമായി പ്രാമുഖ്യം നൽകപ്പെട്ടിട്ടുണ്ട്. ഇന്റർനെറ്റിന്റെയും അന്തർദേശീയവാണിജ്യത്തിന്റെയും ഭാഷയെന്ന നിലയിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം

വർദ്ധിച്ചുവരികയാണ്. ഇംഗ്ലീഷ് ഭാഷ ബോധനമാധ്യമമായി സർവ്വകലാശാലകളിലും കലാലയങ്ങളിലും തുടരേണ്ടതാവശ്യമായേക്കാം. ഒപ്പം വിജ്ഞാനോൽപാദനത്തിനും പ്രചാരണത്തിനും മാതൃഭാഷ ഉന്നതവിദ്യാഭ്യാസ തലത്തിൽ ഉപയോഗിക്കുവാനുള്ള അവസരവും ഉണ്ടാകണം. മാനവികവിഷയങ്ങൾ, സാമൂഹ്യശാസ്ത്രം എന്നിവയിൽ വിജ്ഞാനത്തിന്റെ ഉൽപ്പാദനത്തിന് മാതൃഭാഷയിൽ കൂടുതൽ സാധ്യതയുണ്ട്. മറ്റു ഭാഷകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വിജ്ഞാനം മാതൃഭാഷയിലൂടെ പ്രാദേശികജനതയിലേക്കും പ്രചരിപ്പിക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ അവശ്യം നിർവ്വഹിക്കേണ്ട വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമാണിത്. സർവ്വകലാശാലകളിലെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ ശാക്തീകരണത്തിലൂടെ ഇത് സാധ്യമാക്കാവുന്നതാണ്. ഗവേഷണ പ്രബന്ധങ്ങൾ മാതൃഭാഷയിൽ എഴുതുവാൻ അവസരം നൽകുന്നതും ഇതിന് സഹായകരമായിരിക്കും.

(5) സർവകലാശാലകളും മറ്റു ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും പൊതുവേ മൂന്നു ധർമ്മങ്ങളാണ് നിർവ്വഹിക്കേണ്ടത്. 1. അധ്യാപനം, 2.ഗവേഷണം, 3. വിജ്ഞാനവ്യാപനം (Extension). ഈ മൂന്നു ധർമ്മങ്ങളും സർവ്വകലാശാലകളും കലാലയങ്ങളും അംഗീകരിച്ചിട്ടുണ്ടെങ്കിൽതന്നെ അവ തമ്മിലുള്ള ബന്ധം വേണ്ടവിധത്തിൽ പരിഗണിച്ചിട്ടില്ല. ഇവ മൂന്നിനെയും പരസ്പരം ബന്ധമില്ലാത്ത പ്രവർത്തനമേഖലകളായി വേർതിരിക്കാനുള്ള പ്രവണതയാണ് ഇന്നുള്ളത്. നമുക്ക് നല്ല അധ്യാപകരും നല്ല ഗവേഷകരും നല്ല വിജ്ഞാനവ്യാപകരുമുണ്ട് (Extension workers). എന്നാൽ ഈ വ്യത്യസ്തപ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്ന അധ്യാപകരും വിദ്യാർഥികളും കുറവാണ്. വൈദഗ്ധ്യമാർജിക്കൽ എന്നത് ഉന്നതവിദ്യാഭ്യാസത്തിൽ അനുപേക്ഷണീയമാണ്. എല്ലാ രംഗങ്ങളിലും എല്ലാവർക്കും ഒരുപോലെ തിളങ്ങുവാനും ആവില്ല. മൂന്നു പ്രവർത്തനങ്ങളും ഒരുമിച്ചു നടത്തുകയെന്നതും അസാധ്യമാണ്. അതിനാൽ ഇവ മൂന്നും എല്ലാ വിദ്യാർഥികളും അധ്യാപകരും വ്യത്യസ്തഘട്ടങ്ങളിൽ പ്രാവർത്തിക മാക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. അതിനനുസൃതമായി വേണം അധ്യാപകരുടെ ഔദ്യോഗിക ജീവിതത്തിന്റെ ഗ്രാഫും വിദ്യാർഥികളുടെ കോഴ്സിന്റെ ഉള്ളടക്കവും ചിട്ടപ്പെടുത്തുവാൻ. മുൻപറഞ്ഞ ലക്ഷ്യങ്ങൾ സംയോജിപ്പിക്കുന്നതിന് ഉതകുന്ന മാറ്റങ്ങൾ പാഠ്യപദ്ധതിയിലും വരുത്തേണ്ടതാണ്. NAAC മുന്നോട്ടുവച്ചിട്ടുള്ള മാതൃകയിൽ ആഭ്യന്തരഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം (Internal Quality Assurance Cells) എല്ലാ സ്ഥാപനങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. അവയിലൂടെ മൂന്നു ധർമ്മങ്ങളും സന്തുലിതമായ രീതിയിൽ നടത്തത്തക്കരീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്.

(6) മാനവികവിഷയങ്ങൾ, സാമൂഹ്യശാസ്ത്രം, വാണിജ്യശാസ്ത്രം, മറ്റു ശാസ്ത്രവിഷയങ്ങൾ, എൻജിനീയറിംഗ്, മാനേജ്മെന്റ്, വൈദ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് ഓരോന്നിനും മുകളിൽ പറഞ്ഞ വിശാലപരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രത്യേകമായ രീതിശാസ്ത്രങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്. പൊതുവെ പറഞ്ഞാൽ ലിബറൽ ആർട്ട്സ്, സയൻസ് കോഴ്സുകളുടെ രീതി

ശാസ്ത്രത്തിൽ കൂടുതൽ പ്രൊഫഷണലിസവും പ്രൊഫഷണൽ കോഴ്സുകളിൽ കൂടുതൽ സാമൂഹ്യബോധവും സംയോജിപ്പിക്കേണ്ടതായിട്ടുണ്ട്. ചില വിജ്ഞാന ശാഖകളിൽ പ്രത്യേകസർവകലാശാലകൾ ആവശ്യമായിരിക്കാം. എന്നാൽ ഓരോ വിജ്ഞാനശാഖയ്ക്കും പ്രത്യേക സർവകലാശാലകൾ എന്നത് ഒരു ജനപ്രിയ മുദ്രാവാക്യമായി വളർന്നുവരികയാണ്. നിക്ഷേപത്തിന് പ്രത്യേകപരിഗണന അർഹിക്കുന്ന മേഖലയല്ല ഇത്. സർവകലാശാലകൾ എല്ലാവിജ്ഞാനത്തിന്റെയും കേന്ദ്രങ്ങളാണെന്നുള്ള പരമ്പരാഗതധാരണ അന്തർവൈജ്ഞാനിക അന്വേഷണങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നും പ്രസക്തമായിത്തുടരുന്നു. ആഴത്തിലുള്ള പഠനത്തിനായി ഓരോ സർവകലാശാലയും ഒന്നോ രണ്ടോ വിജ്ഞാനമേഖലകൾ കണ്ടെത്തണം. തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ വൈദഗ്ധ്യമുള്ള കേന്ദ്രങ്ങൾ രൂപപ്പെടുത്തണം. ഓരോ വിഷയത്തിനും സർവകലാശാലകളും കോളേജുകളും ആരംഭിക്കുന്നതിലും നല്ലത് ഇതാണ്. ഓരോ സ്ഥാപനവും തിരഞ്ഞെടുക്കുന്ന വിദഗ്ദ്ധമേഖലകളുടെ ഏകോപനത്തിലൂടെ എല്ലാ വിഷയങ്ങളുടേയും സമ്യക്കും സമഗ്രവുമായ വികസനം നേടാവുന്നതാണ്.

## III സ്വയംഭരണവും സാമൂഹിക ഉത്തരവാദിത്തവും

(1) ഉന്നതവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ എല്ലാവർക്കും പൊതുവായിട്ടുള്ളതാണെങ്കിലും അതിന്റെ നടത്തിപ്പിൽ വ്യത്യസ്തരീതികൾ അവലംബിക്കേണ്ടതുണ്ട്. എല്ലാ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഒരു പരിധിവരെയുള്ള സ്വയംഭരണാവകാശം ആവശ്യമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ വൈയക്തികവും സാമൂഹികവുമായ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് അവയുടെ ഉപകരണമായി സ്വയംഭരണത്തെ പുനർനിർവചിക്കേണ്ടതുണ്ട്. സ്വയംഭരണത്തിന്റെ അന്ത:സത്ത സ്വാതന്ത്ര്യമാണ്. പണ്ഡിതന്റെ സ്വേച്ഛ സമൂഹത്തിൽ അടിച്ചേൽപ്പിക്കുവാനുള്ള സ്വാതന്ത്ര്യമല്ല, മറിച്ച് സമൂഹം അദ്ദേഹത്തിൽനിന്നു പ്രതീക്ഷിക്കുന്നതെന്തോ, അത് നിറവേറ്റാനുള്ള സ്വാതന്ത്ര്യമാണ് ആവശ്യം. സ്വയംഭരണാവകാശം സാമൂഹിക ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. സമൂഹത്തോട് ഉത്തരവാദിത്തമുള്ള സ്വയംഭരണമെന്ന ആശയത്തെ ഒരു യാഥാർത്ഥ്യമായി പരിവർത്തിപ്പിക്കുവാൻ ഉതകുന്ന വികേന്ദ്രീകൃതവും ജനാധിപത്യപരവുമായ അക്കാദമികഭരണസംവിധാനമാണ് നമുക്ക് ആവശ്യം. കേരളത്തിലെ മതേതരവിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിൽ, മതപരവും വർഗീയവും, ജാതീയവും, വാണിജ്യപരവുമായിട്ടുള്ള സ്വാധീനങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ സാമൂഹികനിയന്ത്രണം വിദ്യാഭ്യാസഘടനയിൽ കൊണ്ടുവരണം. ഉന്നതവിദ്യാഭ്യാസരംഗത്തെ ഘടനാപരമായ ജനാധിപത്യ വൽക്കരണം- സർവകലാശാലകൾമുതൽ കോളേജുകൾവരെ- സ്വയം ഭരണത്തിന്റെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും അവശ്യമായ ഘടകമാണ്.

(2) സർവകലാശാലകൾ, കോളേജുകൾ തുടങ്ങിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സാമൂഹിക ഉത്തരവാദിത്തസെല്ലുകൾ (Social Accountability

Cells) ആരംഭിക്കണം. അക്കാദമികഓഡിറ്റിനും നിർബന്ധിത വെളിപ്പെടുത്തലുകൾക്കും ഉതകുന്ന ഒരു സമ്പ്രദായം ഈ സെല്ലുവഴി സ്ഥാപിക്കേണ്ടതാണ്. എല്ലാ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും വിവരാവകാശ നിയമം നടപ്പാക്കണം. സ്ഥാപനത്തെപ്പറ്റി/അധ്യാപകനെപ്പറ്റി ഉള്ള അടിസ്ഥാന വിവരങ്ങളും സ്വയാവലോകനറിപ്പോർട്ടുകളും കാലാകാലങ്ങളിൽ നിർബന്ധിതമായും പ്രസിദ്ധീകരിച്ചിരിക്കണം. ഓരോ സ്ഥാപനത്തിനും, അധ്യാപകനും വെബ്സൈറ്റ് ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനങ്ങളെപ്പറ്റി യുള്ള വിവരങ്ങളിൽ ഭരണസംവിധാനം, പാഠ്യപദ്ധതി, മാനവവിഭവശേഷി, അഡ്മിഷൻ രീതി, ഫീസ് എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ അധ്യാപകനും അധ്യാപികയും ഏറ്റെടുക്കുന്ന പാഠ്യ- ഉപപാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ വിവരങ്ങളും തങ്ങളുടെ വെബ്സൈറ്റിൽ നൽകണം. സ്ഥാപനത്തെ/അധ്യാപകനെ സംബന്ധിച്ചുള്ള വിദ്യാർഥികളുടെ പ്രതികരണത്തിനുവേണ്ടി ഉചിതമായ ഒരു സമ്പ്രദായം (Student feedback) രൂപപ്പെടുത്തേണ്ടതുണ്ട്. പ്രതികരണങ്ങൾ സ്ഥാപനത്തിന്റെ/അധ്യാപകന്റെ അഭിപ്രായത്തോടെ വെബ്സൈറ്റിൽ നൽകേണ്ടതുമാണ്. തെറ്റായ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി അതതു സ്ഥാപനങ്ങളും വ്യക്തികളും നിർബന്ധിതമായ വെളിപ്പെടുത്തലുകൾ നൽകുന്നതിന് വിവരാവകാശനിയമത്തിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കേണ്ടതാണ്. എന്നിരുന്നാലും പൊതുജനജാഗ്രതയാണ് ഉത്തരവാദിത്വമുണ്ടാകുവാൻ ഏറ്റവും നല്ല ഉപാധി. അതുകൊണ്ട് സ്ഥാപനങ്ങളുടെ/വ്യക്തികളുടെ തെറ്റായ പ്രവർത്തനങ്ങൾക്കെതിരെ പൊതുതാൽപ്പര്യമുള്ള സംഘടനകൾ 'എതിർവിവരങ്ങൾ' (Counter Information) നൽകുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സർവകലാശാലകളുടേയും യൂണിവേഴ്സിറ്റികളുടെയും കോളേജുകളുടെയും വാർഷികപ്രവർത്തനങ്ങളുടെ റിപ്പോർട്ട് അതതു സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിൽ നൽകണം. അഞ്ചു വർഷത്തിലൊരിക്കൽ എല്ലാ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും പുറത്തുനിന്നുള്ള ഏജൻസി അക്കാദമിക് ഓഡിറ്റ് നടത്തണം. സ്ഥാപനാധികാരിയുടെ ഉചിതമായ മറുപടിയോടുകൂടിയുള്ള റിപ്പോർട്ട്, വെബ്സൈറ്റുകളിൽ നൽകേണ്ടതും, അത് യഥാക്രമം സംസ്ഥാനനിയമസഭയ്ക്കോ സർവകലാശാലകൾക്കോ അവരുടെ വിചിന്തന ത്തിനായി അയച്ചുകൊടുക്കേണ്ടതുമാണ്. ഓരോ റിപ്പോർട്ടിൻമേലുമുള്ള അതത് അധികാരകേന്ദ്രങ്ങളുടെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള തുടർ നടപടികൾ നിർബന്ധിതമാക്കണം. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട നിരീക്ഷണാധികാരമുള്ള അധ്യാപക-രക്ഷാകർത്തൃ-സംഘടനക്ക് സ്ഥാപനത്തിന്റെ അക്കാദമിക ഉത്തരവാദിത്തം നിറവേറ്റുന്നതിൽ സുപ്രധാനമായ പങ്ക് വഹിക്കാൻ സാധിക്കും.

## IV സർക്കാർ, എയിഡഡ്, സ്വാശ്രയ സ്ഥാപനങ്ങൾ

(1) സർക്കാർ, എയിഡഡ്, സ്വാശ്രയ മേഖലകളുടെ പ്രശ്നങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ഇന്ന് എയിഡഡ്/അൺഎയിഡഡ് മേഖലകൾക്കാണ്

മുൻതൂക്കം. ഗവ.കോളേജുകൾ എണ്ണത്തിൽ കുറവാണ്. അവയിൽ പലതിന്റെയും വികസനം വഴിമുട്ടിനിൽക്കുകയുമാണ്. ഇതു പരിഹരിക്കേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് പൊതുമേഖലയ്ക്ക് ഊന്നൽ നൽകണം. ഇവിടെ വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങളും വിഭവങ്ങളും ലഭ്യമാക്കണം. ഏറിയ പങ്ക് സ്ഥാപനങ്ങളും പൊതുമേഖലയിൽ അല്ലെങ്കിൽക്കൂടി, പൊതുസ്ഥാപനങ്ങൾ ആണ് ഉന്നതവിദ്യാഭ്യാസമേഖലയുടെ പതാകവാഹകരായി പ്രവർത്തിക്കേണ്ടത്.

(2) നേരിട്ടു ശമ്പളം നൽകുന്ന വ്യവസ്ഥ നിലവിൽ വന്ന കോളേജുകളെ സൂചിപ്പിക്കുവാൻ 'എയിഡഡ്' എന്ന പദം ഉചിതമല്ല. ഇതിൽ ചില കോളേജുകൾ ആരംഭിച്ചത് ഭൂമിദാനം ചെയ്ത സ്ഥാപനങ്ങൾ (Land Grant Institutions) ആയിട്ടാണ്. മറ്റുള്ളവ നിലവിൽ വന്നത് പൊതുജനങ്ങളിൽ നിന്നു ലഭിച്ച ഭൂമിയും മറ്റു വിഭവങ്ങളും ഉപയോഗിച്ചുകൊണ്ടും. ഇവിടെ അറുപതുകളിൽ Grant- In- Aid സമ്പ്രദായവും, എഴുപതുകളിൽ നേരിട്ടുള്ള വേതനരീതിയും നടപ്പാക്കപ്പെട്ടു. അതിനുശേഷം മുഴുവൻ ശമ്പളച്ചെലവും സംരക്ഷണച്ചെലവിന്റെ സിംഹഭാഗവും പൊതുഖജനാവിൽ നിന്നാണ്. ഇത്തരം കോളേജുകളിലെ ഭൗതികസൗകര്യങ്ങളുടെ വലിയ പങ്ക് സർക്കാരിൽ നിന്നും പൊതുഫണ്ടിംഗ് ഏജൻസികളിൽനിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ എയിഡഡ് കോളേജുകൾ സ്വകാര്യമായി ഭരിക്കപ്പെടുന്ന പൊതുസ്ഥാപനങ്ങളാണ്. ഇത്തരം വ്യാജസ്വകാര്യസ്ഥാപനങ്ങളുടെ (pseudo private institutions) മേൽ യാതൊരുവിധ പൊതുനിയന്ത്രണവുമില്ല. നിയമനങ്ങളെല്ലാം നടത്തുന്നത് മാനേജ്മെന്റുകളാണ്. സംഭാവനകൾ എല്ലാം പോകുന്നത് സ്വകാര്യഭണ്ഡാരങ്ങളിലേക്കും. ഈ കോളേജുകളിൽ പൊതു-സ്വകാര്യ-പങ്കാളിത്തത്തിലൂടെ (Public-Private Partnership) അൺഎയിഡഡ് കോഴ്സുകൾ ആരംഭിച്ചത് നിലവിലുള്ള അനീതി കുറെക്കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സ്ഥിതി തുടരുവാനനുവദിച്ചാൽ ഇങ്ങനെയുള്ള സ്ഥാപനങ്ങൾ മെല്ലെ മെല്ലെ സ്വാശ്രയകോളേജുകളായി രൂപാന്തരപ്പെടും. കഴിഞ്ഞ 50 വർഷത്തിലധികമായി ഈ സ്ഥാപനങ്ങളിൽ പണിതുയർത്തിയിട്ടുള്ള പൊതുആസ്തികൾ സ്വകാര്യ ആസ്തികളായി പരിവർത്തിക്കപ്പെടും. ഏതുവിധേനയും ഇത് ഒഴിവാക്കേണ്ടതാണ്. എയിഡഡ് സ്ഥാപനങ്ങളുടെമേൽ പൊതുനിയന്ത്രണം കൊണ്ടുവരണം. അധ്യാപക നിയമനവും വിദ്യാർഥികളുടെ പ്രവേശനവും സംബന്ധിക്കുന്ന കാര്യങ്ങളിൽ നീതിയുക്തമായ വ്യവസ്ഥകളുണ്ടാകണം.

(3) കേരളത്തിൽ വിദ്യാഭ്യാസം ഒരുകാലത്തും ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്തമായിരുന്നിട്ടില്ല. വിദ്യാഭ്യാസത്തിൽ സ്വകാര്യസംരംഭങ്ങളുടെ ഒരു പാരമ്പര്യം എന്നുമുണ്ടായിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ അതു വർദ്ധിച്ചുവന്നിട്ടുമുണ്ട്. എന്നാൽ ആദ്യകാലത്തെ സ്വകാര്യപങ്കാളിത്തവും ആധുനികസ്വകാര്യനിക്ഷേപവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. മുമ്പത്തെ സ്വകാര്യനിക്ഷേപങ്ങൾ പരോപകാര തൽപ്പരതയോടുകൂടിയതായിരുന്നുവെങ്കിൽ പുതിയ രീതി കമ്പോള താല്പര്യങ്ങൾക്കനുസൃതമായാണ്. ഈ അടുത്ത കാലത്തായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുവരുന്നതിനും ഇത്ഇടയാക്കിയിട്ടുണ്ട്. കമ്പോളമൂല്യമുള്ള

കോഴ്സുകൾ നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അക്കാദമികമേന്മയെ പിന്തള്ളിക്കൊണ്ട് സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ ആണ് പ്രവേശനം നിശ്ചയിക്കപ്പെടുന്നത്. ഇത് സാമൂഹിക നീതിക്കു നിരക്കാത്തതും അക്കാദമിക തലത്തിൽ അർബുദത്തിന്റെ ഫലം ചെയ്യുന്നതുമാണ്. നിലവിലുള്ള സാമൂഹികപിരിമുറുക്കം കൂട്ടുവാനും ഇത് ഇടയാക്കും. വിജ്ഞാനയുഗത്തിൽ ഉന്നതവിദ്യാഭ്യാസം വിജയത്തിന്റെ ചവിട്ടുപടിയാണ്. അതുകൊണ്ടുതന്നെ, ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരനിഷേധം പാർശ്വവത്ക്കരിക്കപ്പെട്ട ജനതയുടെ രോഷം ക്ഷണിച്ചുവരുത്തും. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ കലശലായി ബാധിക്കും. മിടുക്കരായ പഠിതാക്കൾ സാമ്പത്തികപരിഗണനയുടെ പേരിൽ ഒഴിവാക്കപ്പെടുകയും മിടുക്കുകുറഞ്ഞവർ അകത്തുകയറുകയും ചെയ്യും. സാമൂഹികവും അക്കാദമികവുമായ പരിഗണനകൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവിലുള്ള വികസന പരിപ്രേക്ഷ്യത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

(4) ഉന്നതവിദ്യാഭ്യാസരംഗത്തുനിന്ന് സ്വകാര്യമേഖലയെ പൂർണമായി മാറ്റിനിറുത്തണമെന്ന് ഇതുകൊണ്ട് അർഥമാക്കുന്നില്ല. ലാഭക്കൊതിക്ക് തടയിട്ടുകൊണ്ട്, സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉന്നതവിദ്യാഭ്യാസമേഖലയുടെ വികസനത്തിന് പ്രയോജനപ്പെടുത്താം. ഇതാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളുടെമേൽ താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

1. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ആവശ്യമായ മനുഷ്യവിഭവശേഷിയും അടിസ്ഥാനഭൗതികസൗകര്യങ്ങളും ഏർപ്പെടുത്തണം.
2. വിദ്യാർഥികളിൽനിന്നു ഈടാക്കാവുന്ന ഫീസിന്റെ ഉയർന്ന പരിധി നിശ്ചയിക്കണം. സ്വകാര്യമേഖല നേടുന്ന അധികവരുമാനം, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉപകരിക്കത്തക്ക വിധത്തിലാകണം ഈ പരിധി നിശ്ചയിക്കുവാൻ.
3. സമ്പന്നവിദ്യാർത്ഥികളുടെ ഫീസിലൊരംശം നിർദ്ധനവിദ്യാർത്ഥികളുടെ പഠനച്ചെലവിനുതകണം. ഉചിതനിയന്ത്രണത്തോടെ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നു ലഭ്യമാകുന്ന പണത്തിന്റെ ഒരു ഭാഗം പൊതുസ്ഥാപനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളുടെ പഠനത്തിന് ഉപയോഗപ്പെടുത്തണം.
4. വസ്തുനിഷ്ഠമായ യോഗ്യതാനിർണ്ണയം നടത്തിവേണം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം നടത്തുവാൻ. അതേസമയം സംവരണ തത്വങ്ങൾക്കനുസൃതമായി സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് പ്രവേശനത്തിൽ പ്രത്യേകപരിഗണന നൽകുകയും വേണം.
5. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും

സേവന-വേതന-വ്യവസ്ഥകൾ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലേതിനു തുല്യമാക്കണം. ജോലിസ്ഥിരത, പെൻഷനുള്ള അവകാശം, ട്രേഡ്‌യൂണിയനുള്ള അവകാശം എന്നിവ ഉറപ്പാക്കണം.

6. തീരുമാനങ്ങൾ എടുക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സുതാര്യമായിരിക്കണം. അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർഥികൾക്കും ആവശ്യമായ പ്രാതിനിധ്യമുള്ള ഒരു ഗവേണിംഗ് കൗൺസിൽ ഉണ്ടാകണം.

7. ജോലിസാധ്യതയുള്ള കോഴ്സുകൾ സ്വകാര്യസ്ഥാപനങ്ങൾ ലാഭകരമായി നടത്തുന്നുണ്ട്. അവയുടെ നിക്ഷേപത്തിന്റെ ഒരു വിഹിതം അടിസ്ഥാന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനും പ്രദേശത്തിന്റെ വികസനത്തിനു പകരിക്കുന്ന കോഴ്സുകൾ നടത്തുന്നതിനും നീക്കിവയ്ക്കേണ്ടതാണ്.

8. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന എല്ലാ കോഴ്സുകളും സർവകലാശാലകൾ/മറ്റു നിയന്ത്രണ ഏജൻസികൾ എന്നിവയുടെ നിയന്ത്രണത്തിന് വിധേയമാക്കേണ്ടതാണ്. കോഴ്സുകളുടെ ഘടന, അതത് വിജ്ഞാനമേഖലകളിൽ കാലികവും ഉയർന്ന ഗവേഷണത്വരയും പ്രതിഫലിപ്പിക്കണം. അശാസ്ത്രീയമായ യാതൊരു മുൻവിധികളും അവയെ സ്വാധീനിക്കരുത്.

9. ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് സ്ഥാപനങ്ങൾ/കോഴ്സുകൾ അവയുടെ വ്യതിരിക്തത നിലനിർത്തണം. ഗവൺമെന്റ്/എയിഡഡ് സ്ഥാപനങ്ങളിൽ അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുകവഴി പൊതു-സ്വകാര്യധാരകളെ കൂട്ടിക്കലർത്താനുള്ള പ്രവണത ഉടലെടുക്കുന്നുണ്ട്. പൊതുആസ്തികളുടെ സ്വകാര്യവൽക്കരണത്തിന് ഇത് വഴിതെളിക്കുമെന്നതിനാൽ കർശനമായി നിരോധിക്കേണ്ടതാണ്.

10. സ്വകാര്യസ്ഥാപനങ്ങളെ നിയന്ത്രിക്കുവാനുള്ള അധികാരം പൊതു സ്ഥാപനങ്ങൾക്കായിരിക്കണം. തുല്യനീതിയും ഗുണമേന്മയും ഉറപ്പുവരുത്തുവാൻ പൊതുനിയന്ത്രണ ഏജൻസിയുടെ ഇടപെടലുകൾ അനിവാര്യമാണ്. ഇത്തരമൊരു സാഹചര്യത്തിൽ സ്വകാര്യസർവകലാശാല എന്ന ആശയത്തിന് പ്രസക്തിയില്ല.

## V ധനസഹായം

(1) വിദ്യാഭ്യാസം ആദ്യം സംസ്ഥാനലിസ്റ്റിലെ വിഷയമായിരുന്നെങ്കിലും പിന്നീട് അത് കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റുകയാണുണ്ടായത്. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുക എന്നത് കേന്ദ്രനിയന്ത്രണ ഏജൻസികളുടെ ഉത്തരവാദിത്തമാണ്. നിലവിലുള്ള സാമ്പത്തികാധികാരവിഭജനം കേന്ദ്രസർക്കാരിന് അനുകൂലവും സംസ്ഥാനസർക്കാരുകളുടെ താത്പര്യങ്ങൾക്ക് പ്രതികൂലവുമാണ്. വിദ്യാഭ്യാസരംഗത്ത് കേന്ദ്രസഹായം നൽകുന്നതിന് സ്വീകരിക്കുന്ന നഷ്ടസൂചിക (deprivation index) പലപ്പോഴും സംസ്ഥാനത്തിന് ദോഷകരമാണ്. പ്രൈമറി,

സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് കേരളം ഇതിനകം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇത് കേന്ദ്രസഹായപദ്ധതികൾക്ക് സംസ്ഥാനത്തെ അയോഗ്യമാക്കുന്ന സ്ഥിതിവിശേഷമുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ്. കേരളം വിദ്യാഭ്യാസരംഗത്ത് രണ്ടാംതലമുറ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. സ്കൂൾതല വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുക, ഉപരിപഠനത്തിന്റെ വ്യാപനവും, തുല്യനീതിയും, ഗുണമേന്മയും ഉറപ്പാക്കുക എന്നിവയാണ് ഇപ്പോൾ സംസ്ഥാനത്തിന്റെ മുൻഗണനകൾ. കേന്ദ്രധനസഹായവിതരണത്തിന് ദേശീയമാനദണ്ഡങ്ങൾ ആണ് പരിഗണിക്കപ്പെടുന്നത്. ഈ മാനദണ്ഡങ്ങൾ സ്വീകരിക്കുമ്പോൾ, കൈവരിച്ച നേട്ടങ്ങളുടെ പേരിൽ സംസ്ഥാനത്തിന് നഷ്ടമുണ്ടാകരുത്. കേന്ദ്രസഹായമുള്ള നിരവധി ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. വികസിതരാജ്യങ്ങളുടെ നിലവാരത്തിലേക്ക് കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ വിദ്യാഭ്യാസനിക്ഷേപങ്ങൾ ഉയർത്തേണ്ടതാണ്. ജി.ഡി.പിയുടെ 6% എങ്കിലും വിദ്യാഭ്യാസത്തിന് ചെലവഴിക്കണം. അതിൽത്തന്നെ 1.5% മുതൽ 2% വരെ ഉന്നതവിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണം. കേന്ദ്രസർക്കാർ ബഡ്ജറ്റു വിഹിതത്തിന്റെ 10% വും സംസ്ഥാനസർക്കാർ 30% വും വിദ്യാഭ്യാസത്തിനായി മാറ്റി വയ്ക്കേണ്ടതുണ്ട്. ബഡ്ജറ്റിലെ വിദ്യാഭ്യാസവിഹിതത്തിന്റെ 25% മുതൽ 33% വരെ ഉന്നതവിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണം.

(2) യു.ജി.സിയുടെയും അതുപോലുള്ള മറ്റു കേന്ദ്ര ഏജൻസികളുടെയും ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കണം. യു.ജി.സിയുടെയും മറ്റു കേന്ദ്ര ധനസഹായപദ്ധതികളുടെയും പോരായ്മ, പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും അവ സ്ഥാപനങ്ങളുടെ സ്വയംഭരണാധികാരത്തെ പരിഗണിക്കുന്നില്ല എന്നതാണ്. കേന്ദ്രം ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുമാത്രമാണ് പലപ്പോഴും ധനസഹായം ലഭ്യമാകുന്നത്. ഇത് മാറണം. ഇന്ത്യപോലുള്ള വലിയ രാജ്യത്ത് കേന്ദ്രസഹായത്തോടുകൂടിയ പദ്ധതികൾ പ്രാദേശിക താല്പര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുവേണം നടപ്പാക്കാൻ. പദ്ധതികളുടെ വികേന്ദ്രീകൃത ആസൂത്രണവും നടത്തിപ്പും പ്രധാനമാണ്. പ്രശംസാവഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്ക് അവയുടെ കർമ്മപഥത്തെ കൂടുതൽ പ്രകാശമാനമാക്കുവാൻ ധനസഹായം നൽകുന്നതാണ് ഇപ്പോഴത്തെ രീതി. പുതിയ സ്ഥാപനങ്ങളും പലകാരണങ്ങളാൽ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന സ്ഥാപനങ്ങളും അവഗണിക്കപ്പെടുന്നതിന് ഇത് ഇടയാക്കും. മെച്ചപ്പെട്ട പ്രവർത്തനത്തിന് സാധ്യതയും താല്പര്യവുമുള്ള സ്ഥാപനങ്ങൾക്ക് സഹായഹസ്തം നീട്ടുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു തുല്യതാമാനദണ്ഡം ഉണ്ടാകേണ്ടതുണ്ട്. പ്രാദേശികതലത്തിൽ ആസൂത്രണം ചെയ്ത പദ്ധതികളുടെ പ്രായോഗികത അവലോകനം ചെയ്ത് സഹായം നൽകേണ്ടിയിരിക്കുന്നു. കേന്ദ്രസഹായത്തിന്റെ മാനദണ്ഡങ്ങൾ മാറ്റി

എടുക്കുന്നതിന്, അർപ്പണബോധത്തോടുകൂടിയ തുടർച്ചയായ പ്രചാരണം അനിവാര്യമാണ്. സാമ്പത്തികപിന്നാക്കാവസ്ഥകൊണ്ടുമാത്രം വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നില്ല എന്നു ഉറപ്പുവരുത്തണം. അതിനായി എല്ലാ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും വേണ്ടത്ര മനുഷ്യ/ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന രീതിയിൽ ധനസഹായം വീതിച്ച് നൽകപ്പെടണം. തുല്യനീതിയും മേന്മയും അടിയറവുവയ്ക്കാതെ ധനശേഖരണത്തിനായി സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ധനസഹായം പൊതുജനത്തിന്റെയും രക്ഷാകർത്താക്കളുടെയും പൂർവവിദ്യാർഥികളുടെയും സംഭാവന ആയിട്ടോ വ്യവസായങ്ങളുമായുള്ള പങ്കാളിത്തത്തിൽനിന്നോ സ്വരൂപിക്കാം. ധനസഹായം സ്വീകരിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകണം. ഗവേഷകർക്ക് ജനാധിപത്യപരമായ ആവിഷ്കാരസ്വാതന്ത്ര്യം ഉറപ്പുവരുത്തിക്കൊണ്ട്, കൺസൾട്ടൻസികളും, അസൈൻമെന്റുകളും, സ്പോൺസേഡ് പദ്ധതികളും, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

## VI അധ്യാപകരും വിദ്യാർത്ഥികളും

(1) ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിടുന്ന ഏതൊരു പരിഷ്കരണത്തിലും വളരെ ശ്രദ്ധ വേണ്ട മേഖലകൾ ആണ് അധ്യാപക നിയമനവും വിദ്യാർത്ഥി പ്രവേശനവും. അതുപോലെ പ്രധാനമാണ് ഇരുകൂട്ടരുടെയും പരിശീലനവും പ്രചോദനവും പാരസ്പര്യവും. അറിവിന്റെയും ബുദ്ധിശക്തി യുടേയും പുതിയ മേഖലകൾ കണ്ടെത്തുന്നതിൽ കൂട്ടായി പ്രവർത്തിക്കുന്ന മുതിർന്നവരും ഇളയവരുമായ പങ്കാളികളായി അധ്യാപകരെയും വിദ്യാർത്ഥികളെയും കരുതുന്നതാണ് ഉത്തമം. എന്നാൽ ഇത് എപ്പോഴും പ്രാവർത്തികമാകാറില്ല. നിയമനത്തിലും പരിശീലനത്തിലും പ്രചോദനത്തിലും പൊതുമാനദണ്ഡങ്ങളും രീതികളും അവലംബിക്കുന്നത് അധ്യാപകരിലും വിദ്യാർത്ഥികളിലും ഒരു കൂട്ടായ ലക്ഷ്യബോധം വളർത്തുവാൻ സഹായിക്കും. അധ്യാപകനിയമനവും വിദ്യാർത്ഥി പ്രവേശനവും വിജ്ഞാനവ്യാപനം, മികവ്, തുല്യനീതി എന്ന ലക്ഷ്യങ്ങൾ സന്തുലിതമായി നടപ്പാക്കത്തക്കവിധത്തിൽ നിയന്ത്രിക്കണം. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും - ഗവൺമെന്റ് എയിഡഡ്, അൺ എയിഡഡ് - അധ്യാപക നിയമനങ്ങളിലും വിദ്യാർത്ഥിപ്രവേശനത്തിലും യോഗ്യതയുടേയും സംവരണത്തിന്റേയും തത്ത്വങ്ങൾ പാലിച്ചിരിക്കണം. സുതാര്യവും അക്കാദമികമാനദണ്ഡങ്ങൾക്കനുസൃതവുമായ പ്രക്രിയയിലൂടെ വിദഗ്ദ്ധരായ അധ്യാപകരെ തിരഞ്ഞെടുത്ത് നിയമനം നടത്തുന്നതിന് ഒരു കോളേജ് സർവീസ് കമ്മീഷന് രൂപം നൽകാവുന്നതാണ്. യോഗ്യതയുടേയും സംവരണത്തിന്റേയും അടിസ്ഥാനത്തിൽ ഗവൺമെന്റ് കോളേജുകളിലേയ്ക്ക് കോളേജ് സർവീസ് കമ്മീഷന് നേരിട്ട് നിയമനങ്ങൾ നടത്താം. എയിഡഡ് കോളേജുകളിലേക്ക് കമ്മീഷൻ അംഗീകരിച്ച യോഗ്യതാലിസ്റ്റിലെ അപേക്ഷകരിൽനിന്നു അധ്യാപകരെ അതാത് മാനേജ്മെന്റുകൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്. കമ്മീഷന്റെ ലിസ്റ്റിൽനിന്നു

അധ്യാപകരെ നിയമിക്കുവാൻ സ്വാശ്രയകോളേജുകളുടെ മാനേജ്മെന്റുകളേയും പ്രേരിപ്പിക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ പ്രവേശനം, സർവകലാശാലകൾ കേന്ദ്രീകൃതമായി നടത്തേണ്ടതാണ്. സുതാര്യവും ചൂഷണമുക്തവുമായ അധ്യാപക നിയമനവും വിദ്യാർത്ഥിപ്രവേശനവും അധ്യാപകരിലും വിദ്യാർത്ഥികളിലും ആത്മാഭിമാനം വളർത്തും. ഇത് അക്കാദമികസംസ്ക്കാരത്തിന്റെ (Academic culture) വളർച്ചയ്ക്ക് അനിവാര്യമാണ്.

(2) അധ്യാപകർക്ക് കാലാകാലത്ത് പരിശീലനത്തിനുള്ള അവസരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. പുതുതായി നിയമിക്കപ്പെടുന്നവർ നിർബന്ധമായും ആദ്യവർഷങ്ങൾക്കുള്ളിൽതന്നെ ഉന്നതവിദ്യാഭ്യാസത്തിന്റെ ബോധനരീതിയിൽ പരിശീലനം നേടിയിരിക്കണം. അധ്യാപനം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മൂന്ന് ധർമ്മങ്ങൾക്കും പരിശീലനപരിപാടിയിൽ ഉചിതമായ സ്ഥാനം ഉണ്ടായിരിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒരു പരിപാടിയുടെ ദൈർഘ്യം മൂന്നുമാസത്തിൽ കുറയാൻ പാടില്ല. അറിവും ബോധനരീതിയും കാലോചിതമാക്കുവാൻ മൂന്ന് ആഴ്ച ദൈർഘ്യമുള്ള റിഫ്രഷർ കോഴ്സുകൾ, ഓരോ അഞ്ചു വർഷം കൂടുമ്പോഴും നടത്തേണ്ടതുമാണ്. അധ്യാപകപരിശീലനത്തിനായി കൂടുതൽ അക്കാദമിക് സ്റ്റാഫ് കോളേജുകൾ ആരംഭിക്കാവുന്നതാണ്. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലൂടെ അധ്യാപകൻ നേടുന്ന പരിശീലനത്തിന് പ്രത്യേകപ്രാധാന്യം നൽകേണ്ടതാണ്. പഠനപ്രക്രിയ അധ്യാപകന്റെ ഏകഭാഷണത്തിൽ ഒതുങ്ങി നിൽക്കരുത്. അസൈൻമെന്റുകൾ, സെമിനാറുകൾ, ശിൽപ്പശാലകൾ, സംഘചർച്ചകൾ എന്നിവയിലൂടെ സാധ്യമാകുന്ന സംവാദങ്ങളാലും ലാബ് വർക്ക്, ഫീൽഡ് വിസിറ്റ്, മുതലായ പങ്കു വയ്ക്കപ്പെടുന്ന അനുഭവങ്ങളാലും പഠനരീതി അർഥവത്താകണം. ട്യൂട്ടോറിയൽ സമ്പ്രദായം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അധ്യാപക -വിദ്യാർത്ഥി അനുപാതം ബിരുദതലത്തിൽ ഏറ്റവും ഉയർന്നത് മുപ്പതും ബിരുദാനന്തരതലത്തിൽ ഇരുപതും എന്ന രീതിയിൽ ക്രമീകരിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാകുകയുള്ളൂ. ട്യൂട്ടോറിയലുകളിൽ അധ്യാപകനെ സഹായിക്കാനായി ടീച്ചിംഗ് അസിസ്റ്റന്റുമാരെ നിയമിക്കാവുന്നതാണ്. ഗവേഷണവിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകിക്കൊണ്ടോ പാർട്ട്ടൈം അധ്യാപകരെ നിയമിച്ചുകൊണ്ടോ ഇത് സാധിക്കാം. അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും മർമ്മം പ്രചോദനമാണ്. അധ്യാപകർക്ക് ആകർഷകങ്ങളായ സേവനവ്യവസ്ഥകളും, വിദ്യാർത്ഥികൾക്ക് പഠനാനന്തരമുള്ള തൊഴിൽസാധ്യതയും തീർച്ചയായും പ്രചോദനഘടകങ്ങളാണ്. എന്നാൽ ഇതു മാത്രം പോര. ഒരു വശത്ത് പഠനത്തിന്റെ ആനന്ദവും മറുവശത്ത് ആരോഗ്യകരമായ വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയും പങ്കിടുന്നതിലൂടെ മാത്രമേ അധ്യാപകരും വിദ്യാർഥികളും പഠനത്തിൽ സഹാന്വേഷകരാവുകയുള്ളൂ. നല്ല ട്യൂട്ടോറിയൽ സമ്പ്രദായവും അധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യമുള്ള ജനാധിപത്യഭരണക്രമവും പരസ്പരസഹകരണവും വിശ്വാസവും വർദ്ധിപ്പിക്കുവാൻ സഹായകരമായിരിക്കും. വസ്തുനിഷ്ഠവും സുതാര്യവുമായ അവലോകനസമ്പ്രദായം അക്കാദമികമായി ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ഉതകും. അതുപോലെ,

വിദ്യാർത്ഥികൾ നടത്തുന്ന അധ്യാപകാവലോകനം, അധ്യാപകർക്ക് സ്വയം മെച്ചപ്പെടാനും കൂടുതൽ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കാനും സഹായകമാകും.

## VII കച്ചവടക്കണ്ണ്

(1) മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളാണ് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു പ്രധാനതർക്കവിഷയം. കേരളത്തിലെ ന്യൂനപക്ഷപ്രശ്നം മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമാണ്. സംസ്ഥാനത്തെ ഭൂരിഭാഗം വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തുന്നത് ന്യൂനപക്ഷങ്ങളാണ്. പരമ്പരാഗതമായി ഈ സ്ഥാപനങ്ങൾ സാമൂഹ്യസേവനലക്ഷ്യങ്ങളോടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ് നൽകിയിരുന്നത്. ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ സേവനം എല്ലാവരും അംഗീകരിച്ചിരുന്നതുമാണ്. എന്നാൽ അടുത്തകാലത്ത് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുള്ള ത്വര കച്ചവടക്കണ്ണോടെ ചൂഷണം ചെയ്യുവാനുള്ള പ്രവണത വളർന്നുവരുന്നു. സ്ഥാപനങ്ങളുടെ ഭരണത്തിൽ, പ്രത്യേകിച്ചും പ്രവേശന പ്രക്രിയയിലും ഫീസ് പിരിവിലും, പ്രത്യേക അവകാശങ്ങൾ നേടുവാനായി ന്യൂനപക്ഷസംജ്ഞ ഉപയോഗിക്കപ്പെടുന്നു. വിദ്യാഭ്യാസരംഗത്തെ കച്ചവടതാല്പര്യത്തിനു തടയിടുവാൻ സർക്കാർ നടത്തുന്ന ഓരോ പ്രവർത്തനവും, വിദ്യാഭ്യാസമേഖലയിൽ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് എതിർക്കപ്പെടുകയാണുണ്ടായിട്ടുള്ളത്. ന്യൂനപക്ഷങ്ങളുടെ പ്രത്യേക ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നതിനെപ്പറ്റി രണ്ടു പക്ഷമില്ല. അത് ഭരണഘടനാപരമായി ഉറപ്പു നൽകപ്പെട്ടിട്ടുള്ള അവകാശമാണ്. എന്നാൽ ഉന്നയിക്കപ്പെടേണ്ട ചോദ്യങ്ങൾ ഇവയാണ്.

1. ആരാണ് ന്യൂനപക്ഷങ്ങൾ?
2. എന്തൊക്കെയാണ് ന്യൂനപക്ഷ അവകാശങ്ങൾ?

സമത്വത്തിനുള്ള ഭരണഘടനാപരമായ അവകാശത്തിന്റെ ഭാഗംതന്നെയാണ് ന്യൂനപക്ഷാവകാശം. സമത്വം നേടുവാനായി അനുകൂലവിവേചനം (positive discrimination) ഉപയോഗിക്കാവുന്നതാണ്. എന്നാൽ അനുകൂലവിവേചനം വിപരീത വിവേചനമായി (reverse discrimination) പരിണമിക്കരുത്. വിദ്യാഭ്യാസത്തിനുള്ള തുല്യതാവകാശം വിദ്യാഭ്യാസത്തിന്റെ കച്ചവടത്തിനുള്ള അവസരമായി തരംതാഴരുത്. പ്രത്യേകാവകാശങ്ങൾ സേവനത്തിനായി മാത്രം ഉപയോഗി ക്കുവാനുള്ളതാണ്. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മതന്യൂന പക്ഷങ്ങൾക്ക് വിദ്യാഭ്യാസത്തിന് പ്രത്യേകാനുകൂല്യങ്ങൾ നൽകേണ്ടതാണ്. പ്രത്യേകാനു കൂല്യങ്ങൾക്ക് യോഗ്യതയുള്ള ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളെ കണ്ടെ ത്തുവാൻ സമുദായതലത്തിൽ നഷ്ടസൂചിക (deprivation index) തയ്യാറാ ക്കേണ്ടതാണ്. ന്യൂനപക്ഷസംജ്ഞയുടെ വാണിജ്യപരമായ ചൂഷണം തടയുവാനുള്ള

മാനദണ്ഡങ്ങൾ നിർണയിക്കേണ്ടതും അനിവാര്യമത്രേ.

(2) സർവകലാശാലകൾ അനുമതി നൽകുന്ന പുറംസംഘങ്ങൾ വഴി വിദൂരവിദ്യാഭ്യാസത്തെ കച്ചവടമാക്കുന്ന രീതിയാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ വാണിജ്യവൽക്കരണത്തിന്റെ മറ്റൊരു മുഖം. ഇടത്തട്ടുസംവിധാനത്തിലൂടെ നൽകപ്പെടുന്ന ഓഫ് കാമ്പസ് വിദ്യാഭ്യാസം ഗുണനിലവാരത്തെയും തുല്യതയെയും ബാധിക്കും. വിദ്യാഭ്യാസക്കച്ചവടക്കാർക്ക് ഓഫ് ക്യാമ്പസ് സെന്ററുകൾ നടത്തുന്നതിനുള്ള അവകാശം നൽകുന്നതുവഴി സർവകലാശാലകൾ വിദ്യാഭ്യാസത്തിന്റെ പാട്ടക്കച്ചവടക്കാരായി മാറുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഏറ്റവും ചെലവുകുറഞ്ഞ രൂപമാണ് വിദൂരവിദ്യാഭ്യാസം. മുഖാമുഖ വിദ്യാഭ്യാസത്തെക്കാൾ ഇത് ആറ് മടങ്ങ് ചെലവുകുറഞ്ഞതാണെന്ന് കണക്കാക്കപ്പെടുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനു തകുന്ന സംവിധാനമാണ് ഇത്. പക്ഷേ വരുമാനവും ചെലവും തമ്മിലുള്ള അന്തരം കുറക്കുന്നതിനുള്ള വിഭവസമാഹരണമാർഗ്ഗമായി സർവകലാശാലകൾ ഇതിനെ കാണുന്നു. വിദ്യാഭ്യാസത്തിന്റെ ഉന്നതലക്ഷ്യങ്ങളാണ് ഇവിടെ തകർക്കപ്പെടുന്നത്. റഗുലർ വിദ്യാർത്ഥികൾക്കായുള്ള ആന്തരവിഭവസമാഹരണമെന്ന പേരിൽ ഇതിനെ ന്യായീകരിക്കുവാനുള്ള ശ്രമങ്ങളുമുണ്ട്. സർവകലാശാലകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികളേക്കാൾ താരതമ്യേന അവശതയനുഭവിക്കുന്നവരാണ് വിദൂരവിദ്യാഭ്യാസം ചെയ്യേണ്ടിവരുന്ന വിദ്യാർത്ഥികൾ. താരതമ്യേന മെച്ചപ്പെട്ട വിദ്യാർത്ഥികൾക്ക് അവരേക്കാൾ അവശതയനുഭവിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് ധനസഹായം ലഭ്യമാക്കുകയാണ് സർവകലാശാലകൾ ചെയ്യുന്നത്. അനീതി നിറഞ്ഞതും അനാരോഗ്യകരവുമായ ഈ ഏർപ്പാട് നിർത്തലാക്കേണ്ടതാണ്.

(3) വിദേശപങ്കാളിത്തത്തോടു ജനങ്ങൾക്കുള്ള അമിതമായ താൽപ്പര്യത്തിൽ നിന്നാണ് വിദ്യാഭ്യാസവാണിജ്യവൽക്കരണത്തിന്റെ മൂന്നാം രീതി ഉടലെടുക്കുന്നത്. ആഗോളപ്രവണതയുടെ ഭാഗം ആയിരിക്കുന്നതിനോടൊപ്പംതന്നെ, ഇതിനൊരു പ്രാദേശികഭാവം കൂടിയുണ്ട്. വിദേശ ഇന്ത്യക്കാരുടെ പണംകൊണ്ട് നിലനിർത്തപ്പെട്ടു പോരുന്ന കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ വിദേശലേബലിനുവേണ്ടിയുള്ള ഭ്രമം സ്വാഭാവികമാണ്. ഗുണനിലവാരം ഉയർത്തുകയും വിദ്യാർത്ഥികളെ വാണിജ്യപരമായി ചൂഷണം ചെയ്യുന്നത് തടയുകയും ചെയ്യുന്ന ഒരു നയമാണ് ആവശ്യം. സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളും പുറത്തുള്ള പ്രശസ്ത സ്ഥാപനങ്ങളും തമ്മിലുള്ള അക്കാദമിക പങ്കാളിത്തം പ്രോത്സാഹിക്കപ്പെടേണ്ടതാണ്. എന്നാൽ ഇത്തരം വിദേശപങ്കാളിത്തം സംസ്ഥാനത്തിന്റെ ചട്ടപ്പടിയുള്ള സംവിധാനങ്ങൾക്ക് വിധേയമായി വേണം നടപ്പിലാക്കാൻ. അന്തർദേശീയതലത്തിൽ വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കുവാൻ വേണ്ടിയുള്ള ഗാറ്റ്സ് (GATS) ഉടമ്പടിയിൽ പങ്കുചേരുവാനുള്ള പ്രലോഭനത്തെ സംസ്ഥാനം പ്രതിരോധിക്കേണ്ടതുണ്ട്. ഉന്നതവിദ്യാഭാസത്തിന്റെ ആഗോളവൽക്കരണത്തിനു വിപരീതമായി അതിന്റെ അന്തർദേശീയവൽക്കരണം ലക്ഷ്യമിടേണ്ടത് അക്കാദമികമായ പങ്കുവയ്ക്കലുകളായിരിക്കണം, അല്ലാതെ അക്കാദമിക

കോളനിവൽക്കരണത്തിലൂടെയുള്ള വാണിജ്യപരമായ ചൂഷണത്തിന് അവസര മൊരുക്കാൻ ആയിരിക്കരുത്.

## VIII വികേന്ദ്രീകൃതഭരണസംവിധാനം

(1) സർക്കാരിനും സർവകലാശാലകൾക്കും അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കും വ്യത്യസ്തമെങ്കിലും പരസ്പരപൂരകങ്ങളായ ധർമ്മങ്ങളാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് നിർവഹിക്കാനുള്ളത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ നയരൂപീകരണത്തിനുള്ള ഉത്തരവാദിത്തം സർക്കാരിനായിരിക്കണം. തുടരെത്തുടരെ യുള്ള നയമാറ്റങ്ങൾ വികസനത്തിന്റെ വേഗതയേയും മുൻഗണനയേയും ബാധിക്കു മെന്നതിനാൽ സംവാദപ്രക്രിയയിലൂടെ പൊതു ദിശയെ സംബന്ധിച്ച യോജിപ്പി ലെത്താൻ അധികാരത്തിലിരിക്കുന്ന സർക്കാർ മുൻകൈയെടുക്കേണ്ടതാണ്. ഇങ്ങനെയുള്ള പ്രവർത്തനം എപ്പോഴും പൂർണ്ണമായി വിജയിക്കണമെന്നില്ല. എന്നിരുന്നാലും, ഭിന്നതകളുടെ മേഖലകൾ കഴിവതും കുറച്ചുകൊണ്ടുവരാൻ സഹായിക്കും. അതുതന്നെ വലിയ നേട്ടമായിരിക്കും. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസദർശനം സുസാധ്യമായ അക്കാദമിക പരിപാടികളായി രൂപപ്പെടുത്തുവാനും അവ നേരിട്ട് ഡിപ്പാർട്ട്മെന്റുകളിലൂടെയും കോളജുകളിലൂടെയും അംഗീകാരം നൽകുന്ന സ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കുവാനും സർവകലാശാലകൾക്ക് സാധിക്കണം. സർവകലാശാലകൾ രൂപപ്പെടുത്തിയിട്ടുള്ള വിശാലമായ ചട്ടക്കൂടിൽനിന്നുകൊണ്ട് പുതിയരീതികൾ അവലംബിക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ സ്ഥാപനത്തിനും ഉണ്ടായിരിക്കണം.

(2) ഉന്നതവിദ്യാഭ്യാസത്തിന്റെ ഭരണതലത്തിൽ യോജിച്ച പരിഷ്ക്കാരങ്ങൾ നടപ്പാക്കി ഉദ്യോഗസ്ഥപ്രഭുത്വത്തിനറുതി വരുത്തണം. ഭരണപരമായ പരിഷ്ക്കാരങ്ങൾ ഓരോ തലത്തിലും പ്രത്യേകം പരിശോധിക്കപ്പെടേണ്ടതുണ്ട്. എന്നാൽ എല്ലാതലങ്ങളിലുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും അടിസ്ഥാനഭരണ തത്ത്വങ്ങൾ ഒന്നുതന്നെ യായിരിക്കണം. സർവകലാശാലകൾമുതൽ കോളേജുകൾ വരെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തീരുമാനം കൈക്കൊള്ളുന്നതിന്റെ ഒരോ ഘട്ടത്തിലും സാമൂഹികമായ ഉത്തരവാദിത്തം ഉറപ്പുവരുത്തുന്നതിന് ഉചിത ഘടനയോടുകൂടിയ വികേന്ദ്രീകൃതഭരണസമ്പ്രദായം നിലവിൽവരേണ്ടതാണ്.

(3) അക്കാദമികഭരണത്തോട് ശത്രുതാപരമായ സമീപനം പുലർത്തുന്ന ഉദ്യോഗസ്ഥമേധാവിത്വമുള്ള ഭരണസംവിധാനമാണ് അഫിലിയേറ്റിംഗ് സർവ കലാശാലകൾക്കുള്ളത്. ഇതിനു പരിഹാരം അഫിലിയേറ്റിംഗ് സമ്പ്രദായങ്ങൾ നിർത്തലാക്കുക എന്നതല്ല. മറിച്ച്, അവയെ കൂടുതൽ വഴക്കമുള്ളതും ഭരണയോഗ്യവും ആക്കുക എന്നുള്ളതാണ്. ഓരോ സ്ഥാപനത്തിനും സ്വന്തംനിലയിൽ വിദ്യാഭ്യാസ രംഗത്തെ ആഗോളവൽക്കരണത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ ഈ കാലഘട്ടത്തിൽ ഏറെ ബുദ്ധിമുട്ടുണ്ട്. പരസ്പരം സഹകരിച്ചുകൊണ്ടു മാത്രമേ ഇതിനെ മറികടക്കുവാൻ പറ്റൂ. വ്യത്യസ്ത സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക

പങ്കാളിത്തം സാദ്ധ്യമാക്കുവാനും അതിന്റെ നടത്തിപ്പ് നിരീക്ഷിക്കുവാനും കഴിവുള്ള അഫിലിയേറ്റിംഗ് സമ്പ്രദായത്തിന് ഇന്നും സാംഗത്യമുണ്ട്. അഫിലിയേറ്റിംഗ് സമ്പ്രദായത്തിനെതിരെയുള്ള മുറവിളികൾ കച്ചവട ഭീമന്മാരെ സഹായിക്കുക യേയുള്ളൂ. അതേസമയം മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പാക്കുന്നതിനായി അഫിലി യേറ്റിംഗ് സർവകലാശാലകളുടെ വലുപ്പം കുറയ്ക്കേണ്ടതുണ്ട്. 25 മുതൽ 30 സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകുന്ന സർവകലാശാലകളാണ് ഉത്തമം. അഫിലിയേറ്റിംഗ് സർവകലാശാലകൾ വിദൂരവിദ്യാഭ്യാസത്തിനും സ്വകാര്യ രജിസ്ട്രേഷനുമുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിവാകുകയും വേണം. അഫിലിയേറ്റിംഗ് സർവകലാശാലകളേക്കാൾ കൂടുതൽ മെച്ചമായ രീതിയിൽ വിദൂരവിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും നൽകാൻ ഓപ്പൺ സർവകലാ ശാലകൾക്കാവും. കേരളത്തിൽ ഇത്തരത്തിൽ ഒരു സർവകലാശാല സ്ഥാപിക്കേണ്ടതുണ്ട്. ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ ശരിയായരീതിയിൽ ആസൂത്രണവും നിർവഹണവും നടപ്പാക്കിയാൽ പരമ്പരാഗത സർവകലാശാലകളുടെ അതേ ഗുണനിലവാരംതന്നെ ഓപ്പൺ സർവകലാശാലയ്ക്കും ഉറപ്പാക്കാൻ സാധിക്കും. പൊതുസമൂഹത്തിനും അക്കാദമികസമൂഹത്തിനും പ്രാതിനിധ്യം നൽകുന്ന വിധത്തിൽ സർവകലാശാലകളുടെ ഭരണസംവിധാനങ്ങളായ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ, ഫാക്കൽറ്റികൾ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവ ജനാധിപത്യ രീതിയിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. കാര്യക്ഷമതയും വൈദഗ്ദ്ധ്യവും സമന്വയിപ്പിക്കത്തക്ക വിധത്തിലായിരിക്കണം ഇവയുടെ വലുപ്പം. താഴെത്തട്ടിൽനിന്നു മുകൾത്തട്ടിലേക്ക് ഉത്തരവാദിത്തങ്ങൾ കൈമാറുന്ന ശ്രേണീകൃതസമ്പ്രദായം ഒഴിവാക്കണം. ഉത്തരവാദിത്തങ്ങൾ ഓരോ തലത്തിലും പങ്കുവെയ്ക്കണം. പരസ്പരം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ മാത്രമേ ഈ സമ്പ്രദായത്തിന്റെ ഫലപ്രാപ്തി സാധ്യമാകൂ.

(4) സ്വയംഭരണകോളേജുകളെ സംബന്ധിച്ച പദ്ധതി ഇതുവരെ സംസ്ഥാനത്ത് സ്വീകരിക്കപ്പെട്ടിട്ടില്ല. യു.ജി.സിയുടെ പിന്തുണ ഉണ്ടായിട്ടും പല സംസ്ഥാനങ്ങളിലും ഈ പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടുമില്ല. ഒരുവശത്ത് സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗത്തെപ്പറ്റിയും മറുവശത്ത് അക്കാദമികകാര്യക്ഷമത ഇല്ലായ്മയെപ്പറ്റിയും ഉള്ള ആശങ്കകൾക്ക് ഇന്ന് മുൻപത്തേക്കാൾ കൂടുതൽ പ്രസക്തിയുണ്ട്. അതേസമയം അഫിലിയേറ്റിംഗ് സർവകലാശാലകൾ ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിൽ മന്ദഗതിയിലാണ് പ്രവർത്തിക്കുന്നത്. ക്ലസ്റ്റർ കോളേജുകൾ ഇതിനൊരു പരിഹാരമായേക്കും. യു.ജി.സി അതിന്റെ പത്താം പദ്ധതിയിൽ ഇത് മുന്നോട്ടുവെച്ചതാണ്. പക്ഷെ അത് നടപ്പിലാക്കാൻ സാധിച്ചില്ല. ഈ സമ്പ്രദായം പരീക്ഷിക്കുന്നത് അഭിലഷണീയമാണ്. ഒറ്റയ്ക്ക് മാറിനിൽക്കുന്നതിനും മത്സരത്തിനും പകരം, പങ്കുവെക്കലും കൂട്ടായ പ്രവർത്തനവുമാണ് ക്ലസ്റ്ററിന്റെ അടിസ്ഥാനതത്ത്വം. ഒരു ധാരണാപത്രത്തിന്റെ (MOU) അടിസ്ഥാനത്തിൽ അയൽസ്ഥാപനങ്ങൾ ഒരുമിച്ചുവരുന്നതാണ് ഇതിന്റെ പ്രവർത്തനരീതി.

ഇങ്ങനെയുള്ള ക്ലസ്റ്ററുകളുടെ ഭരണം, അതാതു സ്ഥാപനങ്ങൾ, സർവകലാശാലകൾ, പ്രാദേശികഭരണകൂടങ്ങൾ, എന്നിവയിൽനിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ഏൽപ്പിക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പരിപാടികൾ പ്രാദേശികാവശ്യങ്ങളുടേയും ലഭ്യമായ സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോ ക്ലസ്റ്ററിലും വ്യത്യാസപ്പെടുത്താവുന്നതാണ്. ഓരോ ക്ലസ്റ്ററിലുമുൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിഭജിക്കുമ്പോൾ തുല്യതയുടെയും പങ്കിടലിന്റെയും തത്ത്വങ്ങൾ പരിപാലിക്കപ്പെടണം. സാധ്യമാകുന്നത്ര ക്ലസ്റ്ററുകൾ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് സ്ഥാപിക്കേണ്ടതാണ്. ഇങ്ങനെയുള്ള ക്ലസ്റ്ററുകൾ ഭാവിയിൽ ജില്ലാസർവകലാശാലകൾ എന്ന നിലയിലേക്ക് വളരുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഇത് ക്ലസ്റ്റർ പദ്ധതിയെ പ്രോത്സാഹിപ്പിക്കുവാനുള്ള മറ്റൊരു കാരണമാണ്.

(5)അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും വിജ്ഞാന വ്യാപനത്തിന്റെയും പ്രധാന കേന്ദ്രങ്ങൾ കോളേജുകളാണ്. ഈ സ്ഥാപനങ്ങൾ പ്രധാനപ്പെട്ട ഗവേഷണകേന്ദ്രങ്ങളായും വളരേണ്ടതുണ്ട്. അതിനാൽ കോളേജുകളുടെ ഭരണസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള ഭരണസംവിധാനങ്ങൾ അക്കാദമികപ്രവർത്തനങ്ങളിലെ പങ്കാളികൾക്ക് – അധ്യാപകർ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ – യാതൊരുവിധ അധികാരവും നൽകുന്നില്ല. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്ക് പ്രധാനപങ്ക് നൽകുന്ന രീതിയിൽ കോളേജുകളിലെ ഭരണസംവിധാനങ്ങൾ പുന: സംഘടിപ്പിക്കേണ്ടതാണ്. ഇപ്പോഴത്തെ അധികാരഘടനയും പ്രതിനിധാനരീതികളും മാറ്റുന്നതുവഴി കോളേജ് കൗൺസിലിനെ ജനാധിപത്യപരമായി തീരുമാനങ്ങൾ എടുക്കുവാൻ പറ്റിയ ഫലപ്രദമായ സംവിധാനമായി രൂപാന്തരപ്പെടുത്തുവാൻ സാധിക്കും. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അനധ്യാപകരുടെയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് ഈ സമിതിയിൽ പ്രധാനപങ്ക് ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ ആഭ്യന്തരഭരണത്തെ സംബന്ധിച്ചിടത്തോളം കൗൺസിലിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കണം. തീരുമാനങ്ങളുടെ നിർവഹണം ഏകോപിപ്പിക്കുവാനും തങ്ങളുടെ തലങ്ങളിൽ തീരുമാനമെടുക്കുവാനും ഡിപ്പാർട്ടുമെന്റ് കമ്മിറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലോ നേരിട്ടുള്ള നിയമനരീതിയിലൂടെയോ കുറഞ്ഞത് പതിനഞ്ചുവർഷമെങ്കിലും അധ്യാപനപരിചയമുള്ളവരെ പ്രിൻസിപ്പലായി തെരഞ്ഞെടുക്കാവുന്നതാണ്. പ്രിൻസിപ്പലിന്റെയും ഡിപ്പാർട്ട്മെന്റ് തലവന്റെയും കാലാവധി അഞ്ച് വർഷമായി പരിമിതപ്പെടുത്തേണ്ടതാണ്. കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമനരീതിക്കനുസൃതമായി പുതിയ തെരഞ്ഞെടുപ്പിലൂടെയോ റൊട്ടേഷൻ (സ്ഥാനമാറ്റ) വ്യവസ്ഥയിലൂടെയോ പുതിയ ആളെ കണ്ടെത്താവുന്നതാണ്.

# പഞ്ചവത്സരപ്രവർത്തനപരിപാടി

1 വരുന്ന മൂന്നു കൊലത്തിനകം വിദ്യാഭ്യാസത്തിനായി ചെലവാക്കുന്ന സംസ്ഥാന ബജറ്റ് വിഹിതം 30 ശതമാനമായി വർദ്ധിപ്പിക്കണം. അതിന്റെ 30 ശതമാനം ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതികവിദ്യാഭ്യാസത്തിനുമായി നീക്കിവയ്ക്കണം.

2 നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകൾ മുൻഗണനാടിസ്ഥാനത്തിൽ നികത്തേണ്ടതും ഗസ്റ്റ്/കോൺട്രാക്ട് അധ്യാപക സമ്പ്രദായം നിർത്തലാക്കേണ്ടതുമാണ്.

3 ഗ്രേഡിംഗ്, സെമസ്റ്റർ, ക്രഡിറ്റ്, ആന്തരിക തുടർ മൂല്യ നിർണ്ണയം, വിദ്യാർത്ഥികളുടെ വിലയിരുത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ബിരുദതലത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കണം.

4 ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിവരാവകാശനിയമം നടപ്പിലാക്കണം.

5 സർക്കാർ, എയിഡഡ്, അൺഎയിഡഡ് എന്നീ ധാരകൾ ഭരണപരമായും സ്ഥലപരമായും പരസ്പരം വേർപെടുത്തണം.

6 സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കോളേജ് ക്ലസ്റ്ററുകൾ ആരംഭിക്കേണ്ടതാണ്.

7 എല്ലാ സർവകലാശാലകളിലും അക്കാദമിക് സ്റ്റാഫ് കോളേജുകൾ ആരംഭിക്കേണ്ടതാണ്.

8 ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ച് വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ/തുടർവിദ്യാഭ്യാസം എന്നിവ മറ്റു സർവകലാശാലകളിൽനിന്നും മാറ്റേണ്ടതാണ്.

9 ഉന്നതവിദ്യാഭ്യാസത്തിനായി ഒരു സ്കോളർഷിപ്പ് ഫണ്ട് ഏർപ്പെടുത്തണം.

10 അധ്യാപകനിയമനത്തിനായി കോളേജ് സർവീസ് കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

11 വിദ്യാർത്ഥിപ്രവേശത്തിനായി സർവകലാശാലകൾക്ക് കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കണം.

12 സർവകലാശാലകളുടെയും കോളേജുകളുടെയും ഭരണസംവിധാനം ധൈഷണികമായി തെളിവേറിയതും ദിശാബോധവും സാമൂഹ്യമായ ഉത്തരവാദിത്തവും ഉള്ളതാക്കുമാറ് സർവകലാശാലാനിയമങ്ങളും ചട്ടങ്ങളും പുതുക്കണം.